കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# വയലാർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി2-399/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011
ഫോൺ: 0477 2252753

തീയതി, 11.06.2020

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വയലാർ ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : വയലാർ ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വയലാർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി2-399/2020 തീയതി, 11.06.2020

.
.

# ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.10.2018 മുതൽ 31-12-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ.സന്തോഷ്.കെ.വി, ഡെപ്യൂട്ടി ഡയറക്ടർ |

.
.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 23.01.2020മുതൽ<br>01.02.2020 വരെ | ശ്രീ. സാബു.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ. റോയ്. ടി.എം. സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സുനിൽ.കെ.ബി. ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

1. **പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീ.എസ്.വി.ബാബു | 01.04.2018 മുതൽ 31.03.2019 വരെ |

2. **സെക്രട്ടറി**

| | |
|---|---|
| ശ്രീ.സാനു.കെ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്ജ്) | 01.04.2018 മുതൽ 18.04.2018 വരെ |
| ശ്രീ. ആന്റണി.വി | 19.04.2018 മുതൽ 21.06.2018FN വരെ |
| ശ്രീമതി. ലത.എ. മേനോൻ | 21.06.2018AN മുതൽ 31.03.2019 വരെ |

3. **സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ഗീത വിശ്വംഭരൻ | 01.04.2018മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീ.എൻ. ശശിധരൻ | 01.04.2018 മുതൽ 25.01.2019 വരെ |
| | | ഒഴിവ് | 26.01.2019 മുതൽ 10.02.2019 വരെ |
| | | ശ്രീസി.ആർ.ബാഹുലേയൻ | 11.02.2019 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. ഇന്ദിര.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ. യു.ജി.ഉണ്ണി | 01.04.2018 മുതൽ 31.03.2019 വരെ |

4. **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. അയിഷ. ആർ | 01.04.2018 മുതൽ 16.07.2018 വരെ |
| | ശ്രീ.അനിൽകുമാർ. | 23-07-2018AN മുതൽ 31-08-2018 AN വരെ |
| | ക്യൂനോ അലക്സ്, കൃഷി ഓഫീസർ, പട്ടണക്കാട്. (ഇൻ-ചാർജ്ജ്) | 16-07-2018 മുതൽ 23-07-2018FN വരെ<br>01-09-2018 മുതൽ 04-09-2018 വരെ |
| | ശ്രീമതി.കൃഷ്ണപ്രിയ | 04-09-2018 AN മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. പ്രസിമോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ശ്രീദേവി. കെ.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഹേമ ട്രീസ മാത്യു | 01.04.2018 മുതൽ 31.03.2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ജയകല.പി.വി | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. യാമിനി ദാസ് | 01.04.2018 മുതൽ 02.11.2018 വരെ |
| | ആഭ.വി.ദാസ് | 03.11.2018 മുതൽ 01.03.2019 വരെ |
| | ഉഷ | 02-03-2019 മുതൽ 31-03-2019 വരെ |
| ഹെഡ് മിസ്ട്രസ്സ്, എൽ.പി.എസ് | ശ്രീമതി.എസ്.അനിത | 01.04.2018 മുതൽ 31.05.2018വരെ |
| | ശ്രീമതി.എലിസബത്ത് (അധിക ചുമതല) | 01-06-2018 മുതൽ 03-06-2018 വരെ |
| | ശ്രീമതി.ലൈല.വി | 04-06-2018 മുതൽ 31-03-2019വരെ |
| വി.ഇ.ഒ. വയലാർ | ശ്രീ.ജോസഫ്.ടി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. ഒളതല | ശ്രീമതി. ഷെൽബി ജോസ് | 01.04.2018 മുതൽ 04.10.2018 വരെ |
| | ഒഴിവ് | 05.10.2018 മുതൽ 16-12-2018 വരെ |
| | ശ്രീമതി.രശ്മി.കെ.പിള്ള | 17.12.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷിന്ധ്യ. എൽ.കെ | 01.04.2018 മുതൽ 12.07.2018 വരെ |
| | ശ്രീമതി.സുജാത. ആർ. | 13.07.2018 മുതൽ 31.03.2019വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സാനു.കെ. | 01.04.2018 മുതൽ 31.05.2018 വരെ (01/06/2018 മുതൽ 24/06/2018 വരെ ഒഴിവ്) |
| | ശ്രീ.പി.രാധാകൃഷ്ണക്കുറുപ്പ് | 25.06.2018 മുതൽ 31.03.2019വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| 2 | 1-13 | തൊഴിൽ/സ്ഥാപന നികുതി പിരിവിൽ അപാകതകൾ |
| 3 | 1-14 | വാടക കുടിശ്ശിക ഈടാക്കിയില്ല |
| 4 | 1-15 | ലേലം-രേഖകൾ ഹാജരാക്കിയില്ല |
| 5 | 1-16 | മൊബൈൽ ടവർ-വസ്തുനികുതി ഈടാക്കാത്തത്- |
| 6 | 1-17 | പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രീയമായി തുടരുന്നു |
| 7 | 1-18 | ലൈബ്രറി പ്രവർത്തനങ്ങളിലെ അപാകതകൾ |
| 8 | 1-19 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) - അപാകങ്ങൾ |
| 9 | 1-20 | വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ - |
| 10 | 1-21 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം 177/2019) – പ്രവൃത്തി പൂർത്തീകരിച്ചതായി രേഖയില്ല |
| 11 | 1-22 | എസ്.സി ഗുണഭോക്താക്കൾക്ക് കുടിവെള്ള ടാങ്ക് വിതരണം – വികസന ഫണ്ടിൽ നിന്നും 17996/- രൂപ അധികം ചെലവഴിച്ചു-- |
| 12 | 1-23 | തുടർവിദ്യാ കേന്ദ്രത്തിന് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ – ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി-- |
| 13 | 1-24 | കന്നുകുട്ടി പരിപാലനം ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്കും ആനുകൂല്യം |
| 14 | 1-25 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി – ആദായ നികുതി ഈടാക്കിയില്ല-- |
| 15 | 1-26 | നോർത്ത് എൽ.പി സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം – ടെണ്ടർ ക്ഷണിക്കാതെ വാങ്ങൽ നടത്തിയതു സംബന്ധിച്ച്- |
| 16 | 1-27 | ലൈഫ് മിഷൻ ഭവനനിർമ്മാണം (ജനറൽ) |
| 17 | 1-28 | വീട് വാസയോഗ്യമാക്കൽ (എസ്സ് സി)അപാകതകൾ സംബന്ധിച്ച് |
| 18 | 1-29 | വാടക വരവിന്മേൽ ആദായനികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 19 | 1-30 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്തത് സംബന്ധിച്ച് |
| 20 | 1-31 | പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം |
| 21 | 1-32 | പച്ചക്കറി കൃഷിയ്ക്ക് തൈ, വളം, ജൈവകീടനാശിനി-ക്വട്ടേഷനില്ലാതെ വാങ്ങൽ നടത്തി |
| 22 | 1-33 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് -- ജി.എസ്.ടി ഇനത്തിൽ 2% റ്റി.ഡി.എസ് ഈടാക്കിയില്ല-- |
| 23 | 1-34 | ശുചിമുറി അറ്റകുറ്റപ്പണി (സ്പിൽ ഓവർ) അപാകതകൾ |
| 24 | 1-35 | വീട് മേൽക്കൂര മാറ്റൽ (ജനറൽ) |
| 25 | 1-36 | തൊഴിൽ രഹിത വേതന വിതരണ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ - |
| 26 | 1-37 | ലോഗ് ബുക്ക് എഴുതുന്നതിലെ അപാകതകൾ സംബന്ധിച്ച്- |
| 27 | 1-38 | ജനറൽ കമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നു- |

| | | |
|---|---|---|
| 28 | 1-39 | ലാന്റ് റിലിങ്കിഷ്മെന്റ് ചെയ്തുകൊണ്ടുള്ള സമ്മത പത്രത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കാത്തത് - |
| 29 | 1-40 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്- |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 30 | 3-1 | കന്നുകുട്ടി പരിപാലനം ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്കും ആനുകൂല്യം |
| 31 | 3-2 | പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം |
| 32 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 34 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 35 | അനുബന്ധം-2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

27.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 24,59,15,800 | 24,50,00,300 |

**1-2 വാർഷിക ധനകാര്യപത്രിക**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 15-05-2019 |

**1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.**

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2018-19 | KSA-ALP-P2/558/2019 തീയതി. 27.06.2019 | വിശേഷണങ്ങളോടുകൂടിയത് |

**1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 1,25,28,101 |
| വരവ് | 10,48,55,299 |
| ആകെ | 11,73,83,400 |
| ചെലവ് | 9,48,80,595 |
| നീക്കിയിരിപ്പ് | 2,25,02,805 |

**1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 18218090 | 18218090 | 15874189 | 2343901 | വികസനഫണ്ട് (പൊതു വിഭാഗത്തിൽ 3 ഗഡുക്കളിലായി ആകെ 18251000 വരവുണ്ട്. ഇതിൽ വാട്ടർ അതോറിറ്റി കുടിശ്ശികയായി 32811/-രൂപയും കെ.എസ്.ഇ.ബി. കുടിശ്ശികയായി 99/- രൂപയും ഉറവിടത്തിൽ കുറവു വരുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുറവു വരുത്തിയ 32910/- രൂപ ഉൾപ്പെടുത്താതെയാണ് വാർഷിക കണക്ക്, എ.സി.ആർ എന്നിവയിൽ ആകെ വരവും ചെലവും നിർണ്ണയിച്ചിട്ടുള്ളത്. തന്മൂലം വാർഷിക കണക്ക്, എ.സി.ആർ. എന്നിവ യഥാർത്ഥ വരവ് ചെലവ് തുകയെ പ്രതിഫലിപ്പിക്കുന്നില്ല. |
| വികസനഫണ്ട് എസ്.സി.പി | 0 | 6006000 | 6006000 | 4655912 | 1350088 | |
| വികസനഫണ്ട് ടി.എസ്.പി | 0 | 189000 | 189000 | 187600 | 1400 | |
| മെയിന്റനൻസ് ഗ്രാന്റ്റോഡ് | 0 | 1553000 | 1553000 | 1310001 | 242999 | |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4294000 | 4264000 | 4087912 | 206088 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8471000 | 8471000 | 4712205 | 3758795 | |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 133965 | 15834094 | 15968059 | 10203126 | 5764933 | |

**1-6 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 166258730 | 80 | 76686964 | 25 | 48 | 52 |

**1-7 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 33105 | 1040416 | 1073521 | 893561 | 179960 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 71143439 | 71143439 | 71143439 | 0 |
| ആകെ | 33105 | 72183855 | 72216960 | 72037000 | 179960 |

**1-8 ക്ഷേമപദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 6,27,480 | 248 |
| കർഷകതൊഴിലാളി പെൻഷൻ | 21,17,600 | 171 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 76,44,800 | 697 |
| വാർദ്ധക്യകാല പെൻഷൻ | 2,70,96,600 | 2817 |
| വികലാംഗ പെൻഷൻ | 38,30,100 | 320 |
| അവിവാഹിത പെൻഷൻ | 11,63,000 | 106 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 1,20,000 | 4 |

**1-9 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2404/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-10 ആഭ്യന്തരനിയന്ത്രണം**

1. ഈ പഞ്ചായത്തിന് 2017-18 വർഷം ISO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.എന്നാൽ 100% നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. മാത്രവുമല്ല, തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പുതിയ വരുമാന മാർഗ്ഗങ്ങളെക്കുറിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചകളോ, അഭിപ്രായങ്ങളോ ഉണ്ടാകുന്നില്ല.അതുകൊണ്ടു തന്നെ പരമ്പരാഗത വരുമാന മാർഗ്ഗങ്ങളായ കെട്ടിട നികുതി,തൊഴിൽ നികുതി തുടങ്ങിയവ തന്നെയാണ്പ്രധാന വരുമാന സ്രോതസ്സുകൾ.

2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ തുടങ്ങിയവ കൃത്യമായ രീതിയിൽ ചുമത്തി ഈടാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നതു മൂലം സ്ഥാപനത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. പഞ്ചായത്തിൽ വ്യാപാരം നടത്തുന്ന എല്ലാ സ്ഥാപന ഉടമകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി പെർമനന്റ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വരുമാനങ്ങളിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല.
3. 2008 മുതലുള്ള വിവിധ ഡെപ്പോസിറ്റുകൾ ഇപ്പോഴും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാതെ അവശേഷിക്കുന്നതായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. ആയത് 3വർഷം മുൻപുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടണമെന്ന നിബന്ധനയ്ക്ക് വിരുദ്ധമാണ്.
4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല. സ്റ്റേഷനറികൾ ടെണ്ടറുകൾ വിളിച്ച് ഒരുമിച്ച് വാങ്ങാതെ ആവശ്യാനുസരണം വാങ്ങുന്ന സമ്പ്രദായമാണ് തൻവർഷം നടത്തിയിട്ടുള്ളതെന്നു കാണുന്നു.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റും തയ്യാറാക്കപ്പെടുന്നില്ല.
5. വിവിധ ആസ്തികളുടെ വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള SUV ജീപ്പിന്റെ ലോഗ് ബുക്ക്എഴുതുന്നതിലും അപാകതയുണ്ട്.ഇന്ധനക്ഷമത തെളിയിക്കുന്ന സാക്ഷ്യപത്രം ക്ഷമതയുള്ള അധികാരികളിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല.ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല.
7. ജീവനക്കാരുടെ സേവനപുസ്തക രജിസ്റ്റർ, ഇൻക്രിമെന്റ് രജിസ്റ്റർ തുടങ്ങിയവ എഴുതുന്നുണ്ടെങ്കിലും അവയിലൊന്നും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലില്ല.
8. ഭീമമായ തുക വാടക നൽകി പ്രവർത്തിക്കുന്ന ഗവ.ഐടിഐ, ഹോമിയോ ആശുപത്രി എന്നിവ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു സ്ഥിരം സംവിധാനത്തിലേക്ക് മാറ്റി പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതികളൊന്നും നിലവിൽ ആവിഷ്കരിച്ചിട്ടില്ല.ഓരോ വർഷവും വൻതുക തനതുഫണ്ടിൽനിന്നും ചെലവഴിക്കപ്പെടുന്നതിന് ഇത് കാരണമാകുന്നു.
9. നിലവിലുള്ള സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, തനതുഫണ്ടിന് ഒന്നിലധികം അക്കൗണ്ടുകൾ സൂക്ഷിച്ചിരിക്കുന്നു.

10. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.12.2019 | 11/2019 | 12/19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.05.2018 മുതൽ 01-06-18 വരെ | 2013-14 മുതൽ 2017-18 വരെ | 06.07.2018 |

**1-12 വാർഷിക കണക്കിലെ അപാകതകൾ**

ഈ ഓഫീസിൽ നിന്നും 27-06-2019ൽ കെ.എസ്സ്.എ - എ.എൽ.പി/പി2-558/2019-ാം നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള അപാകതകൾ ഇപ്പോഴും നിലനിൽക്കുന്നു.

## 1-13 തൊഴിൽ /സ്ഥാപന നികുതി പിരിവിൽ അപാകതകൾ

**തൊഴിൽ നികുതി ഈടാക്കിയില്ല**

പഞ്ചായത്ത് പരിധിയിൽ 12ൽപ്പരം റേഷൻ കടകൾ പ്രവർത്തിച്ച വരുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ്). അതു പോലെ പഞ്ചായത്തിന്റെ വർക്ക് ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, സിഡിഎസ്സ് അക്കൗണ്ടന്റ് താത്കാലികാടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്ന ശ്രീ.രാജീവ് (ഡ്രൈവർ), പി.ടി.എസ്-മാരായ ശ്രീമതി.ബിന്ദു, ശ്രീ.സുരേഷ് എന്നിവരിൽ നിന്നും 2018-19 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്നു കാണുന്നു. ഇതു സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-4 ന്, പഞ്ചായത്തിന്റെ വർക്ക് സ്ഥിരമായി ഏറ്റെടുക്കുന്ന കരാറുകാരില്ലാതിരുന്നതിനാലാണ് തൊഴിൽ നികുതി അവരിൽ നിന്നും ഈടാക്കാതിരുന്നതെന്ന് മറുപടി ലഭ്യമാക്കി. ഒരു വർക്ക് മാത്രം ചെയ്തിട്ടുള്ളവരിൽ നിന്നു പോലും അനുപാതികമായ തോതിൽ നികുതി ഈടാക്കാമെന്നിരിക്കെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അതുപോലെ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരാണെന്ന് ഓഡിറ്റ് ചൂണ്ടിക്കാണിച്ച എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുവാനുള്ള നടപടികളെടുത്തിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതിയിനത്തിൽ ലഭ്യമാകുവാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വാടക കുടിശ്ശിക ഈടാക്കിയില്ല

വയലാർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറി നം.IV/530 വാടകയ്ക്ക് നൽകിയിട്ടുള്ളത് ശ്രീമതി രാധാമണിയമ്മ, കടലാട് എന്നയാൾക്കാണ്. കടമുറിയുടെ വാടകയായ( പ്രതിമാസം 369/-രൂപ വീതം)5004/- രൂപ (penal interest ഉൾപ്പെടെ) ടിയാളിൽ നിന്നും ഈടാക്കിയിട്ടില്ല. തുടർന്ന് 2019-20 വർഷവും 2017-18 ലെ വാടക തന്നെ കുടിശ്ശികയായിരിക്കെ ടിയാൾക്ക് തന്നെ 2018-19 വർഷവും കടമുറി അനുവദിച്ച നൽകിയത് ക്രമവിരുദ്ധമാണ്. ടിയാൾക്ക് 2018-19 വർഷത്തെ വാടക കുടിശ്ശിക ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി (26/30.1.2020)ക്ക് മറുപടി നൽകിയിട്ടുള്ളത്.വാടക കുടിശ്ശിക ബന്ധപ്പെട്ടവരിൽ നിന്നും തുക ഒടുക്കുന്ന തീയതി വരെയുള്ള പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-15 ലേലം-രേഖകൾ ഹാജരാക്കിയില്ല

2018-19 ലെ വാർഷിക ധനകാര്യ പത്രിക RP-5 ഷെഡ്യൂൾ പ്രകാരം Sale of Timber- ഇനത്തിൽ 2900/- രൂപയും Sale of empties and waste materials-20,250/- രൂപയും വരവ് വന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത വരവിന്റെ ആധികാരികത തെളിയിക്കുന്ന ലേല രജിസ്റ്റർ, ലേല ഡയറി മുതലായവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(30/31.1.2019)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടിയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കി പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16 മൊബൈൽ ടവർ-വസ്തുനികുതി ഈടാക്കാത്തത്-

പഞ്ചായത്ത് പരിധിയിൽ ആകെ 3മൊബൈൽ ടവറുകൾ ഉള്ളതിൽ 2 എണ്ണത്തിന് മാത്രമാണ് വസ്തുനികുതി ഈടാക്കുന്നത്. ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ലന്നും ആയതിനാൽ ഇത് കൂടി ഉൾപ്പെടുത്തി നികുതി സ്വീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ടെന്നും ഓഡിറ്റ് എൻക്വയറി(17/29.01.2020)ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-17 പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രീയമായി തുടരുന്നു

ഗ്രാമ പഞ്ചായത്തിന്റെ താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പണമിടപാടുകൾ നടത്താതെ നിർജ്ജീവമായി കിടക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | 31/03/19 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | കോർപ്പറേഷൻ ബാങ്ക് NBA | 520101053910830 | 514359 |
| 2 | കോർപ്പറേഷൻ ബാങ്ക് (സാക്ഷരത) | 520101053858138 | 17617 |
| 3 | ടി.എസ്.സി | 520101053860922 | 73 |

പണമിടപാടുകൾ നടത്താത്ത നിഷ്ക്രീയമായി തുടരുന്ന അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(16/29-01-2020)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഇടപാടുകളില്ലാതെ നിഷ്ക്രിയമായി തുടരുന്ന അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. ടി അക്കൗണ്ടിലെ നീക്കിയിരിപ്പ് പ്രത്യേക ഉദ്ദേശത്തിനു ലഭിച്ചതിൽ വിനിയോഗിക്കാത്ത തുകയാണെങ്കിൽ അവ അതാത് ശീർഷകങ്ങളിലേക്കും അല്ലാത്തപക്ഷം നിലവിൽ ഇടപാടുകൾ ഉള്ള അക്കൗണ്ടുകളിലേക്കും മാറ്റി നൽകേണ്ടതാണ്.

### 1-18 ലൈബ്രറി പ്രവർത്തനങ്ങളിലെ അപാകതകൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറിക്ക് പണംപിരിവിനായി പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാക്കുന്ന രസീതുബുക്കുകൾക്ക് ബുക്ക് നമ്പർ രേഖപ്പെടുത്താതെയാണ് ഇഷ്യൂ ചെയ്തിട്ടുള്ളത്. ഇപ്രകാരം നമ്പർ രേഖപ്പെടുത്താതെ ഇഷ്യു ചെയ്യുന്നത് പുന:പരിശോധിക്കേണ്ടതാണ്.

ഇഷ്യൂ രജിസ്റ്റർ പ്രകാരം ലൈബ്രറിയിൽ നിന്ന് ഇഷ്യു ചെയ്ത ബുക്ക് തിരിച്ചു നൽകിയ തീയതി രേഖപ്പെടുത്തിയിരിക്കുന്നതിൽ അപാകതയുണ്ട്.(ഉദാഹരണം-13.12.18, 14.12.18 എന്നീ തീയതികളിൽ ഇഷ്യു ചെയതിട്ടുള്ള ബുക്കുകൾ തിരിച്ചു നൽകിയ തീയതിയായി രേഖപ്പെടുത്തിയിരിക്കുന്നത് കൈപ്പറ്റിയ തീയതിക്കു മുൻപുള്ള തീയതിയായ 7.6.18, 11.6.18 എന്നീ തീയതികളാണ്. തീയതികൾ എല്ലാം തന്നെ മേൽ രേഖപ്പെടുത്തിയ പ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ലൈബ്രറിയുടെ നിയമാവലി പ്രകാരം 30 ദിവസത്തിനുള്ളിലാണ് ഇഷ്യൂ ചെയ്യുന്നബുക്കുകൾ തിരിച്ച് ഏൽപ്പിക്കേണ്ടത്. വൈകി തിരിച്ച് ഏൽപ്പിക്കുന്ന ബുക്കുകൾക്ക് നിയമാവലി നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടില്ല. ഇഷ്യു രജിസ്റ്റർ പരിശോധിച്ചതിൽ ബുക്കുകൾ തിരികെ ഏൽപ്പിക്കുന്നതിൽ മാസങ്ങളുടെ

കാലതാമസം വരുന്നതായി പരിശോധനയിൽ കണ്ടു. നിർദ്ദിഷ്ട സമയപരിധിക്കുശേഷം തിരിച്ചേൽപ്പിക്കുന്ന ബുക്കുകൾക്ക് ഫൈൻ ഏർപ്പെടുത്തുന്നതിനും ബുക്കുകൾ തിരിച്ചേൽപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ലെന്നുറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. **ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല**

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തന്മൂലം എല്ലാ വ്യാപാരികളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത് ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനിടവരുത്തും. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. എല്ലാ വ്യാപാരസ്ഥാപനങ്ങളെ കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനും അവരെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. **പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കണം**

31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം 2018-19 വർഷത്തിൽ ലൈസൻസിനുള്ള അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ അപേക്ഷകളിലൊന്നും വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പല പ്രമുഖ സ്ഥാപനങ്ങളുടേയും ലൈസൻസ് ഫീസ് മുൻവർഷത്തെ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ഇതുകാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

1996 ലെ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ **(**പട്ടിക ക്രമ നം**-149)** അബ്കാരി ഷോപ്പുകൾ(കള്ളുഷാപ്പ്**)** (ക്രമ നം**-139),** പാൽ സൊസൈറ്റികൾ **(**ക്രമ നം**-132)** വിവരങ്ങളും അവ ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (27/30.1.2019)ക്ക് പ്രസ്തുത സ്ഥാപനങ്ങൾക്ക് ഇതു സംബന്ധിച്ച് കത്തു നൽകിയിട്ടുണ്ടെന്നും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

3. പഞ്ചായത്ത് പരിധിയിൽ 1 ട്യൂട്ടോറിയൽ സ്ഥാപനം**, 1** പെട്രോൾ പമ്പ്**, 6** പീലിംഗ് ഷെഡുകൾ ഉള്ളതിൽ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.പീലിംഗ് ഷെഡുകൾക്കെതിരെ കോടതിയിൽ കേസ് നടന്നു വരുന്നതിനാൽ കേസ് തീർപ്പാക്കാതെ ലൈസൻസ് എടുപ്പിക്കാൻ സാധിക്കില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

4. ചട്ടം **10** പ്രകാരം നിലവിലെ ലൈസൻസ് പുതുക്കുന്നത് സാമ്പത്തിക വർഷാവസാനത്തിന് **30** ദിവസം മുമ്പും പുതിയ ലൈസൻസ് അനുവദിക്കുന്നത് സ്ഥാപനം തുറക്കുന്നതിന് **30** ദിവസം മുമ്പുമാകണം**.** ഫയൽ പരിശോധിച്ചതിൽ നിലവിൽ ലൈസൻസ് പുതുക്കി വരുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും ഈ സമയ പരിധി പാലിക്കാതെ സാമ്പത്തിക വർഷത്തിനിടയിൽ പലപ്പോഴായാണ് ലൈസൻസ് എടുക്കുന്നത്**.**

**1996** ലെ കേരള പഞ്ചായത്ത് രാജ് **(**ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ**)** ചട്ടങ്ങളിലെ ചട്ടം **232(1) 233(**എ**)** അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ

സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-20 വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ -

**1) സ്റ്റേഷനറി വാങ്ങിയത് സംബന്ധിച്ച്**

2018-19 വർഷം പേപ്പർ, പേന, ഫയലുകൾ എന്നിവയടക്കം 1,04,185/- രൂപയുടെ സ്റ്റേഷനറി സാധനങ്ങൾ പഞ്ചായത്തിൽ വാങ്ങിയിട്ടുണ്ട്. ഇതിൽ 57,247/- രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുള്ളത് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നുമാണ്.(വൗച്ചർ നം. 21800653/23/11/18) എന്നാൽ ബാക്കി 46,938/- രൂപയുടെ സ്റ്റേഷനറി സാധനങ്ങൾ വിവിധ മാസങ്ങളിൽ ചേർത്തലയിലുള്ള ലക്ഷ്മി ഏജൻസീസ് എന്ന കടയിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. ഓഫീസ് ആവശ്യത്തിന് ഒരു വർഷത്തേയ്ക്ക് ആവശ്യമുള്ള സാധനങ്ങൾ മുൻകൂട്ടി തയ്യാറാക്കി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നോ, ക്വട്ടേഷനിലൂടെയോ വാങ്ങാമെന്നിരിക്കെ ഇതു പോലെ വിവിധ വൗച്ചറുകൾ ഉപയോഗിച്ച് ചില്ലറയായി വാങ്ങിയതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-5/29.01.2020 ന് നൽകിയ മറുപടിയിൽ ഈ വീഴ്ച ശ്രദ്ധയിൽപ്പെട്ടുവെന്നും ഇനി മുതൽ ആവശ്യമുള്ള സാധനങ്ങളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**2) റെഫ്രിജറേറ്റർ കൊണ്ടു വന്നതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്**

വെറ്ററിനറി ആശുപത്രിയിലെ ആവശ്യത്തിനായി ഒരു റെഫ്രിജറേറ്റർ വാങ്ങിയിട്ടുണ്ട്. ഈ സാധനം കൊണ്ടു വന്നയിനത്തിൽ കയറ്റിറക്ക്, ട്രാൻസ്പോർട്ടേഷൻ എന്നീയിനങ്ങളിലായി 1000/- രൂപ നൽകിയതായി കാണുന്നു. ഗൃഹോപകരണങ്ങൾ വാങ്ങുമ്പോൾ സൗജന്യ ഡോർ ഡെലിവറി ലഭിക്കുമെന്നിരിക്കെ ഇതിനായി 1000/- രൂപ ചെലവഴിച്ചതിന്റെ കാരണം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/29.01.2020) മറുപടി ലഭ്യമാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**3) ഓഫീസ് പരിസരം ശുചിയാക്കൽ**

വൗച്ചർ നം. 21800469/12-09-18 പ്രകാരം ഓഫീസ് പരിസരം ശുചിയാക്കൽ എന്ന ആവശ്യത്തിനായി രണ്ടു പേർക്ക് 1290/- രൂപ നൽകിയതായി കാണുന്നു. ഇതേ ആവശ്യങ്ങൾക്കായി ഒരു പാർട്ട് ടൈം സ്വീപ്പറെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. (പ്രതിമാസം 6000/- രൂപ) ഇങ്ങനെയൊരാൾ ഉണ്ടായിരിക്കെ അതേ ആവശ്യത്തിനായി 1290/- രൂപ ചെലവഴിച്ചതിന്റെ ആവശ്യകത വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം 5/29.01.2020 ന് എഇ ഓഫീസ്, ടെറസ് എന്നീ ഭാഗങ്ങളും, കോമ്പൗണ്ടും മതിലിനു പുറത്തും വൃത്തിയാക്കിയതിനാണ് ആളെ നിർത്തിയതെന്നും, മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-21 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം 177/2019) – പ്രവൃത്തി പൂർത്തീകരിച്ചതായി രേഖയില്ല

കേരള വൈദ്യുതി ബോർഡ് മുഖേന നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണ് മുണ്ടാംവെളി – ചക്കംവെളി റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ടി പദ്ധതിയ്ക്കായി കേരള വൈദ്യുതി ബോർഡ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 1,88,422/- രൂപ (ബിൽ നം 43/25.2.2019) ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡുമായി ചമച്ച കരാറിൽ (നം സി1-250/2019/23.2.2019) പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തി എപ്പോൾ തുടങ്ങുമെന്നോ എപ്പോൾ പൂർത്തീകരിക്കുമെന്നോ വ്യക്തമല്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള 1,88,422/- രൂപ 25.2.2019 ൽ കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം കൈമാറിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/29.01.2020) മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ കെ.എസ്.ഇ.ബിയ്ക്ക് കൈമാറിയ 1,88,422/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-22 എസ്.സി ഗുണഭോക്താക്കൾക്ക് കുടിവെള്ള ടാങ്ക് വിതരണം – വികസന ഫണ്ടിൽ നിന്നും 17996/- രൂപ അധികം ചെലവഴിച്ചു--

പ്രോജക്ട് നം – 03/2019

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതിയ്ക്കായി C1-210/2018/9.10.2018 നമ്പരായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത (500 ലിറ്റർ ടാങ്ക് ഒന്നിന് 2790/- രൂപ) കുണ്ടലാട്ട് ഏജൻസീസിൽ നിന്നും 87 വാട്ടർ ടാങ്കുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ടാങ്ക് വിതരണത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ നിന്നും രസീത് പ്രകാരം 698/- രൂപ (25%) വീതം ഗുണഭോക്തൃ വിഹിതമായി ആകെ 60726/- രൂപ (25%) പിരിച്ചെടുത്തിട്ടുണ്ട്. 87 വാട്ടർ ടാങ്കുകൾക്കായി വിതരണ സ്ഥാപനമായ കുണ്ടലാട്ട് ഏജൻസീസിന് നൽകേണ്ടതായ 2,42,730/- രൂപയിൽ ഗുണഭോക്തൃ വിഹിതമായ 60726/- രൂപ 25% കിഴിച്ച് 182,004/- രൂപയാണ് വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നത് (75%). എന്നാൽ ഇതിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും 2,00,000/- രൂപയും ഗുണഭോക്തൃ വിഹിതമായി 42730/- രൂപയും ഉൾപ്പെടെയാണ് 2,42,730/- രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/29.01.2020) ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ മൂലം സംഭവിച്ച പിഴവാണെന്നും തുക തനതുഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നതിനാൽ ആയത് പിൻവലിച്ച് തിരികെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കിക്കൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും കൂടുതലായി പിൻവലിച്ച 17996/- രൂപ തിരികെ ട്രഷറിയിൽ ഒടുക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

<u>ചെലവ് വിവരം</u>

ബിൽ നം 09/15.11.2018 – 142290

ബിൽ നം 12/18.12.2018 – 27900

ബിൽ നം 13/01.01.2019 – 29810

ഗുണഭോക്തൃ വിഹിതം -- 42730 ചെക്ക് നം. 2434831/19.02.19

### 1-23 തുടർവിദ്യാ കേന്ദ്രത്തിന് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ – ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി--

പ്രോജക്ട് നം – 83/2019

നിർവ്വഹണം – സെക്രട്ടറി

പഞ്ചായത്തിലെ മൂന്ന് തുടർവിദ്യാ കേന്ദ്രങ്ങളിലെ സാക്ഷരതാ പ്രേരക് മാർക്കായി 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഐ.ടി മിഷൻ മുഖേന ഓൺലൈനായി കെൽട്രോണിൽ നിന്നും മൂന്ന് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും രണ്ട് പ്രിന്ററുകളും വാങ്ങിയതിന് 1,18,014 രൂപ (ബിൽ നം 39/23.2.2019) ചെലവഴിച്ചിട്ടുണ്ട്. ഡെസ്ക് ടോപ് കമ്പ്യൂട്ടറുകളോടൊപ്പം യു.പി.എസ് വാങ്ങിയിട്ടില്ല. അതിനാൽ സാക്ഷരതാ പ്രേരക്മാർക്ക് നൽകിയ കമ്പ്യൂട്ടറുകളും പ്രിന്ററുകളും ഇൻസ്റ്റലേഷൻ നടത്തി ഉപയോഗിക്കുവാൻ കഴിയാത്തതിനാൽ കവറിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

കഴിഞ്ഞ വർഷം പത്താംതരം, പന്ത്രണ്ടാംതരം പരീക്ഷകൾക്കായി ആകെ 44 പേർക്കാണ് പരിശീലനം നൽകിയത്. അതുപോലെ നാലാംതരം, ഏഴാംതരം പരീക്ഷകൾക്കും, കോളനികൾ കേന്ദ്രീകരിച്ചുള്ള അക്ഷരലക്ഷം എന്നീ പദ്ധതികൾക്കും നിലവിൽ പരിശീലനം നൽകുന്നുണ്ട്. മേൽ പദ്ധതികൾക്കായി പരിശീലനം തേടുന്ന പഠിതാക്കളുടെ ഡാറ്റാ എൻട്രി നടത്തുന്നതിനാണ് കമ്പ്യൂട്ടറുകളും പ്രിന്ററും വാങ്ങി നൽകിയിട്ടുള്ളത്. നിലവിലുള്ള പഠിതാക്കളുടെ എണ്ണത്തിന് അനുസരിച്ച് ഇവരുടെ വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്യുന്നതിന് ഒരു കമ്പ്യൂട്ടർ തന്നെ മതിയാവുമെന്നിരിക്കെ മൂന്ന് സാക്ഷരതാ പ്രേരക് മാർക്കും ഓരോ ഡെസ്ക് ടോപ് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങി നൽകിയത് പൊതുപണത്തിൽ നിന്നുള്ള അനാവശ്യ ചെലവാണ്. മൂന്ന് തുടർവിദ്യാ കേന്ദ്രങ്ങളിൽ ഒന്ന് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലും മറ്റ് രണ്ടെണ്ണം പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന വാർഡിലുമാണ് പ്രവർത്തിക്കുന്നത്. ഓരോ സാക്ഷരതാ പ്രേരക്മാർക്കും വികസന ഫണ്ട് വിനിയോഗിച്ച് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് സർക്കാർ അനുമതി ലഭിച്ചതായിട്ടുള്ള രേഖകളൊന്നും ഹാജരാക്കിയില്ല.

യു.പി.എസ് ഒഴിവാക്കി കമ്പ്യൂട്ടർ വാങ്ങിയതിനാൽ ഓഡിറ്റ് തീയതിയിലും ഉപയോഗിക്കാനാവാതെ സൂക്ഷിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ അടിയന്തിരമായി ഉപയോഗക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഒരു കമ്പ്യൂട്ടറും പ്രിന്ററും സാക്ഷരതാ പ്രേരക് മാരുടെ ആവശ്യങ്ങൾക്കായുള്ളവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൈമാറേണ്ടതും

ശേഷിക്കുന്നവ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

### 1-24 കന്നുകുട്ടി പരിപാലനം ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്കും ആനുകൂല്യം

പ്രോജക്റ്റ് നം. 039/18-19

അടങ്കൽ 11.00,000/-

ചെലവ് 2,75,000/-

ബിൽ നം. 1/18-19/23-11-18

നിർവ്വഹണം വെറ്ററിനറി സർജൻ

2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽപ്പെടുത്തി ആനുകൂല്യം കൈപ്പറ്റിയ 14-ാം വാർഡിലെ താമസക്കാരായ ശ്രീമതി. ശകുന്തള,മോനിഷാലയം, ശ്രീമതി. ബിന്ദു, അഭിജിത് ഭവനം, ശ്രീമതി. ഗീതാ സത്യൻ, ചെത്തികാട് എന്നീ ഗുണഭോക്തക്കൾ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമ സഭാ ലിസ്റ്റിൽ ഉൾപ്പെടാത്ത ടിയാളുകൾ എങ്ങനെ ആനുകൂല്യത്തിനർഹരായി എന്നതിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ 29.01.2020ലെ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ വേളയിൽ ഗുണഭോക്തൃലിസ്റ്റിൽ 14-ാം വാർഡിൽ അപേക്ഷകർ ആരും ഇല്ലാതിരുന്നതിനാലാണ് ടി വാർഡിലെ ക്ഷീരകർഷകരെ കൂടി ഉൾപ്പെടുത്തി പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച പുതിയ ലിസ്റ്റ് നൽകിയതെന്നും ആ ലിസ്റ്റിൽ നിന്നും മുകളിൽ പറഞ്ഞിട്ടുള്ള 3 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.എന്നാൽ ആനുകൂല്യം നൽകിയത് ഗ്രാമസഭ അംഗീകരിക്കാത്ത 3 ഗുണഭോക്താക്കൾക്കാണ്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയാൽ തൊട്ടടുത്തതായി കൂടുന്ന ഗ്രാമസഭയിൽ ഇവരുടെ പേര് അംഗീകരിച്ച് സാധൂകരണം വാങ്ങേണ്ടതാണ്. എന്നാൽ ഓഡിറ്റ് തീയതി വരെ ഗ്രാമസഭ ഇവരുടെ പേര് അംഗീകരിച്ചതായി രേഖകളിൽ കാണുന്നില്ല. ആയതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് വികസന ഫണ്ടിൽ നിന്നും നൽകിയ 18750/-രൂപ (6250x3)നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിഷയം വികസനകാര്യ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-25 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി – ആദായ നികുതി ഈടാക്കിയില്ല--

1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194C പ്രകാരം ഒറ്റത്തവണ 30,000 രൂപയിൽ അധികം വരുന്ന പേയ്മെന്റുകൾക്കും ഒരു വർഷത്തിൽ 1,00,000/- രൂപയ്ക്ക് മേൽ വരുന്ന പേയ്മെന്റുകൾക്കും വ്യക്തികളിൽ നിന്നും ഒരു ശതമാനവും സ്ഥാപനങ്ങളിൽ നിന്നും രണ്ട് ശതമാനവും നികുതി ഉറവിടത്തിൽ തന്നെ ഈടാക്കേണ്ടതാണ്. എന്നാൽ സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 2019-20 വർഷത്തേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി ലഭ്യമാക്കുന്നതിന് കെൽട്രോണുമായി കരാറിലേർപ്പെടുകയും വാർഷിക മെയ്ന്റൻസ് തുകയായ 68,039 രൂപ നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും 2% നിരക്കിൽ ആദായ നികുതി ഈടാക്കിയിട്ടില്ല. കെൽട്രോണിൽ നിന്നും ആദായ നികുതിയായി ഈടാക്കേണ്ടിയിരുന്ന 136/- രൂപ ഈടാക്കി ചെലാൻ മുഖേന സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്. 136/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം
ബിൽ നം 49/11.3.2019-- 56121/-
ബിൽ നം 52/20.3.2019 – 11,918/-

### 1-26 നോർത്ത് എൽ.പി സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം – ടെണ്ടർ ക്ഷണിക്കാതെ വാങ്ങൽ നടത്തിയതു സംബന്ധിച്ച്-

നോർത്ത് എൽ.പി സ്കൂളിലെ എൽ.കെ.ജി മുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനായി നോർത്ത് എൽ.പി സ്കൂൾ ഹെഡ്മിസ്ട്രസ് ആവിഷ്കരിച്ച നടപ്പാക്കിയ പദ്ധതിയാണിത്. പ്രഭാത ഭക്ഷണത്തിന് ഒരു കുട്ടിയ്ക്ക് ഒരു ദിവസത്തേയ്ക്ക് 18/- രൂപ ക്രമത്തിൽ 142 കുട്ടികൾക്ക് പ്രഭാത ഭക്ഷണം വിതരണം

ചെയ്യുന്നതിനുള്ള ഓർഡർ മുൻ പി.ടി.എ പ്രസിഡന്റും നജീം കാറ്ററിംഗ് സർവ്വീസ് ഉടമയുമായ ശ്രീ.നജീം കൊച്ചുപറമ്പിൽ എന്നയാൾക്ക് നൽകാൻ 06.09.2018 ലെ പി.ടി.എ കമ്മിറ്റി തീരുമാനിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 08.11.2010ലെ ജി.ഒ.(പി)നം 259/2010/ത.സ്വ.ഭ.വ പ്രക്യൂർമെന്റ് മാനുവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ എന്ന പദ്ധതി നടത്തിയിട്ടുള്ളത്. പ്രക്യൂർമെന്റ് മാനുവൽ പ്രകാരം അടങ്കൽ തുക ഒരു ലക്ഷത്തിൽ കൂടുതലാണെങ്കിൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചാണ് പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തിയെ/സ്ഥാപനത്തെ തെരഞ്ഞെടുക്കേണ്ടത്. ടെണ്ടർ ക്ഷണിക്കാതെ പി.ടി.എ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിതരണക്കാരനെ തെരഞ്ഞെടുത്ത് സപ്ലൈ ഓർഡർ നൽകി പദ്ധതി നടപ്പിലാക്കിയത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. പ്രൊക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകളും നടപടിക്രമങ്ങളും കർശനമായി പാലിച്ചുകൊണ്ട് പ്രോജക്ടുകൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ലൈഫ് മിഷൻ ഭവനനിർമ്മാണം (ജനറൽ)

പ്രോജക്റ്റ് നം. 25/18-19

അടങ്കൽ 9,88,00,000/-രൂ.

ചെലവ് 4,30,60,000/-രൂ.

നിർവ്വഹണം വിഇഓ (വയലാർ)

2017-18 വർഷം ലൈഫ് പദ്ധതിയിൽപ്പെടുത്തി സുദർശന, (W/o പങ്കജാക്ഷൻ) കരുവേലി, ഒളതല എന്ന ഗുണഭോക്താവിന് ആദ്യഗഡുവായി 07/11/2018 ൽ 40,000/- രൂപ നൽകിയിട്ടുണ്ട്. (ജില്ലാ പഞ്ചായത്ത് വിഹിതം 2,40,000/- രൂപയിൽ നിന്നും 20321265396 നമ്പരിലുള്ള എസ്സ് ബിഐ അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ട്.) എന്നാൽ 14 മാസത്തിനു ശേഷവും ഇവർ വീടിന്റെ പണിയൊന്നും തന്നെ ആരംഭിച്ചിട്ടില്ല. ആദ്യ ഗഡു കൈപ്പറ്റി ഒരു വർഷത്തിനു ശേഷവും പണിയൊന്നും തന്നെ തുടങ്ങാതിരുന്നതിനുള്ള കാരണവും, അതിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-8/29.01.2020 ന് വിഇഓ മറുപടി നൽകിയിട്ടുണ്ട്. തുക നല്കിയെങ്കിലും കുടുംബ പരമായ ചില പ്രശ്നങ്ങൾ നിമിത്തം ടി ഗുണഭോക്താവിന് നാളിതു വരെ പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും, ടി തുക തിരിച്ചടയ്ക്കാൻ ഗുണഭോക്താവ് തയ്യാറാണെന്നും അതിനുള്ള നടപടികൾ താമസംവിനാ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പണി ആരംഭിക്കാത്ത പക്ഷം തുക തിരികെ അടപ്പിക്കുകയും വിവരം ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. ആദ്യ ഗഡു നൽകിയ തുക 40,000/- രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 വീട് വാസയോഗ്യമാക്കൽ (എസ്സ് സി)അപാകതകൾ സംബന്ധിച്ച്

പ്രൊജക്റ്റ് നം. 31/18-19

അടങ്കൽ 12,48,000/-രൂ.

ചെലവ് 5,85,000/-രൂ.

നിർവ്വഹണം വിഇഓ

2017-18ൽ ഇതേ പേരിൽ ഒരു പദ്ധതി പഞ്ചായത്തിൽ നടപ്പാക്കിയതായി കാണുന്നു. ഈ പദ്ധതി സ്പിൽ ഓവറായി, 2,75,000/- അടങ്കലിൽ 2018-19 ൽ നടപ്പാക്കി (പ്രൊജക്റ്റ് നം. 149/18-19). അതിൽ 2,25,000/- രൂപ മാത്രം വിതരണം നടത്തി. ഇനി ഒരാൾക്ക് കൂടി 50, 000/- രൂപ വിതരണം നടത്തുവാനുണ്ട്. അതിനായി 2019-20 ലും ടി പദ്ധതി സ്പിൽ ഓവറാക്കിയിട്ടുണ്ട്. മൂന്നാം വർഷത്തിൽ, ഓഡിറ്റ് സമയത്തും ഈ പദ്ധതി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. സ്പിൽ ഓവർ പദ്ധതി നടപ്പിലിരിക്കെ, വീണ്ടും 2018-19 ൽ പുതിയ പദ്ധതിയായി വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതി പഞ്ചായത്ത് ഏറ്റെടുക്കുന്നു (പ്രൊജക്റ്റ് നം. 31/18-19) എന്നാൽ ആദ്യ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 50,000/- രൂപയാണ് നൽകിയതെങ്കിൽ 2018-19 ആകുമ്പോഴേയ്ക്കും 39,000/- രൂപയായി തുക കുറഞ്ഞിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ 1.5 ലക്ഷം രൂപ വരെ ഒരു ഗുണഭോക്താവിന് നൽകാം എന്നിരിക്കെ ,അതിന്റെ മൂന്നിലൊന്ന് തുക മാത്രം ഉൾപ്പെടുത്തി പദ്ധതി രൂപീകരണം നിർവ്വഹിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല.മതിയായ തുകയുടെ അഭാവം മൂലം ഗുണഭോക്താക്കൾ ഇത്തരം പദ്ധതികൾക്ക് നേരെ മുഖം

തിരിഞ്ഞു നിൽക്കുന്നതിന് കാരണമാകുന്നു. 32 പേർക്ക് 12,48,000/- അടങ്കൽ വെച്ച ഈ പദ്ധതിയിൽ 2018-19 വർഷം ചെലവ് 5,85,000/- രൂപ മാത്രമാണ്. ഈ പദ്ധതിയും സ്പിൽ ഓവറായി 2019-20 ലും തുടരുന്നു. ഓഡിറ്റ് സമയത്തും 21 പേർക്കായി 8,19,000/- രൂപ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. ഇനിയും 4,29,000/-രൂപ വിതരണം നടത്തുവാൻ ബാക്കി നിൽക്കുന്നു.

ഇങ്ങനെ പദ്ധതികൾ അനന്തമായി നീളുന്നത് എന്തുകൊണ്ടാണെന്നും, സബ്സിഡി മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ചിരിക്കുന്ന തുകയുടെ മൂന്നിലൊന്ന് തുക പോലും ഒരു ഗുണ ഭോക്താവിന് ലഭിക്കാതിരിക്കുന്ന തരത്തിൽ പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് കാരണമെന്താണെന്നും, ഗുണഭോക്തൃ ലിസ്റ്റിൽ 126 പേരുണ്ടായിട്ടും മതിയായ ഗുണഭോക്താക്കളെ പദ്ധതിലേയ്ക്ക് ആകർഷിക്കുവാൻ കഴിയാത്തത് എന്തു കൊണ്ടാണെന്നും, അവരുടെ ആവശ്യങ്ങൾക്ക് തുക മതിയാകാതെ വരുന്നത് ഗുണഭോക്താക്കൾക്ക് പദ്ധതിയോട് താൽപ്പര്യം കുറയാൻ കാരണമായിട്ടുണ്ടോയെന്നും ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം-10/29.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിലെ കാലതാമസമാണ് പ്രവൃത്തി സ്പിൽ ഓവറാകുന്നതിന് കാരണമെന്ന് പറഞ്ഞിട്ടുണ്ട്. അനന്തമായി നീണ്ടു പോകുന്ന പദ്ധതികൾ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുകയില്ല എന്നതു മാത്രമല്ല അത് ഒരളവു വരെ നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയായി വിലയിരുത്തപ്പെടുകയും ചെയ്യും. കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുക എന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്നും,പഞ്ചായത്ത് പദ്ധതി നടപ്പിലാകുന്ന സമയത്ത് തന്നെ എസ്സ്സി വകുപ്പിലും ഇത്തരം പദ്ധതികൾ നടപ്പിലാകുന്നതിനാൽ ഗുണഭോക്താക്കളെ ലഭിക്കുന്നില്ലായെന്നും മറുപടിയിൽ പറയുന്നു. അവരുടെ ആവശ്യങ്ങൾക്ക് തുക മതിയാകാതെ വരുന്നത് ഗുണഭോക്താക്കൾക്ക് പദ്ധതിയോട് താൽപ്പര്യം കുറയാൻ കാരണമായിട്ടുണ്ടെന്ന ഓഡിറ്റിന്റെ വിലയിരുത്തലിനോട് ചേർന്നു നിൽക്കുന്നതാണ് ഈ മറുപടി. പദ്ധതിയിൽ എസ്സ്സി വിഭാഗത്തിന് അനുവദിച്ച ഫണ്ട് വകയിരുത്തുന്നതിന് പദ്ധതികൾ ഏറ്റെടുക്കേണ്ടത് അനിവാര്യമായതിനാൽ പദ്ധതികൾ വിഭാവനം ചെയ്യാതിരിക്കാൻ കഴിയുന്നില്ല എന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു.

ശക്തമായ ഗ്രാമസഭകളാണ് ഇത്തരം വീഴ്ചകൾക്കുള്ള പരിഹാരം. ഗ്രാമസഭകളിൽ ആരോഗ്യകരമായ ചർച്ചകൾ നടക്കുകയും പ്രസ്തുത ചർച്ചകളിൽ ഉരുത്തിരിയുന്ന ആശയങ്ങൾ പദ്ധതികളായി രൂപാന്തരം പ്രാപിക്കുകയുമാണ് ചെയ്യേണ്ടത്. ഈ സംവിധാനം ദുർബ്ബലമാകുമ്പോൾ അത് പദ്ധതി പ്രവർത്തനങ്ങളെ ആകെ താളം തെറ്റിക്കും. വ്യക്തമായ കാഴ്ചപ്പാടോടെ പദ്ധതികൾ ആസൂത്രണം ചെയ്ത്, അവ കാലവിളംബം കൂടാതെ നടപ്പിലാക്കുകയെന്ന പ്രവർത്തനം ഇവിടെ സംഭവിക്കുന്നില്ല. സമൂഹത്തിൽ സവിശേഷ ശ്രദ്ധ ആവശ്യപ്പെടുന്ന ഒരു വിഭാഗത്തിന് വേണ്ടി സൃഷ്ടിച്ചെടുക്കുന്ന പദ്ധതികൾക്ക് അതർഹിക്കുന്ന ഗൗരവം ലഭിക്കുന്നില്ലെന്നാണ് പ്രസ്തുത പദ്ധതി അനന്തമായി നീളുന്നതിൽ നിന്നും വ്യക്തമാകുന്നത്. ഈ വിഷയത്തിലേയ്ക്കും, ഭരണസമിതിയുടേയും, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-29 വാടക വരവിന്മേൽ ആദായനികുതി ഈടാക്കാത്തത് സംബന്ധിച്ച്

സർക്കാർ ഉടമസ്ഥതയിലുള്ള ഗവ. ഐറ്റിഐ വയലാർ എന്ന സ്ഥാപനം കളവംകോടം സർവ്വീസ് സഹകരണ ബാങ്ക് ലിമി. നം. 895 ന്റെ ഉടമസ്ഥതയിലുള്ള VII/565(A)-ാം നമ്പർ കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. ഇതിന്റെ വാടക കൊടുത്തു കൊണ്ടിരിക്കുന്നത് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നുമാണ്. പൊതു മരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 11/EE/11-12 തീയതി 23-03-2012 നമ്പർ റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം 35,631/- രൂപയാണ് ഈ കെട്ടിടത്തിന്റെ ഒരു മാസത്തെ വാടക. 2018-19 വർഷം ഒടുക്കേണ്ട വാടകയിൽ 2018 ഏപ്രിൽ മാസത്തെ വാടക 2017-18ൽ മുൻകൂറായി അടച്ചിരുന്നു. ബാക്കി അടയ്ക്കേണ്ട 11 മാസത്തെ വാടക 3,91,941/- രൂപ വൗച്ചർ നം. 21801081/25.03.2009 അടവാക്കിയിട്ടുണ്ട്. ഈ തുകയിൽ നിന്നും സെക്ഷൻ 194 C പ്രകാരം 10% ആദായനികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി ഒടുക്കിയതായി രേഖകളില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റേയും, ഈടാക്കിയിട്ടില്ലായെങ്കിൽ അതിനുള്ള കാരണവും വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-33/01.02.2020 ന് മറുപടി ലഭ്യമാക്കിയില്ല. ആദായ നികുതിയിനത്തിൽ ലഭിക്കേണ്ട 10% തുകയായ 39,195/-രൂപ ഈടാക്കി ഒടുക്കു വരുത്തേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ഈ തുക സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

### 1-30 മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്തത് സംബന്ധിച്ച്

**1) ഗൃഹ കേന്ദ്രീകരണ പരിചരണം**

പ്രൊജക്റ്റ് നം. 55/18-19

അടങ്കൽ 4,43,790/-രൂ.

ചെലവ് 3,43,060/-രൂ.

നിർവ്വഹണം മെഡിക്കൽ ഓഫീസർ,

പിഎച്ച് സി,വയലാർ

പാലിയേറ്റീവ് കെയറിന് മരുന്നും, അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ബിൽ നം. 11/12-09-18 പ്രകാരം 25000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

**2) പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്നു വാങ്ങൽ**

പ്രൊജക്റ്റ് നം. 56/18-19

അടങ്കൽ 4,50,000/-രൂ.

ചെലവ് 4,40,000/-രൂ.

നിർവ്വഹണം മെഡിക്കൽ ഓഫീസർ,

പിഎച്ച് സി, വയലാർ

മെഡിക്കൽ ഓഫീസർ (പിഎച്ച്സി) നിർവ്വഹണ ഉദ്യോഗസ്ഥനായി ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി ബിൽ നം. 4/27-06-18 പ്രകാരം 1,77,429/- രൂപ ചെലവഴിച്ചിട്ടുണ്ട്. (പ്രഫോർമ ഇൻവോയ്സ് 2210) എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായതായി രേഖയില്ല. ഇനിയും 30,019/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാനുണ്ട്. എത്ര മരുന്നുകൾ ലഭ്യമായി, ഇനി എത്ര ലഭ്യമാകുവാനുണ്ട് എന്നതിനെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-7 തീയതി, 29.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ മറുപടിയിൽ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ, 25000+30019= 55019/- രൂപയ്ക്കുള്ള മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ടെന്നും ആയത് ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക 55019/- രൂപ തടസ്സപ്പെടുത്തുന്നു. ടി തുകയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

### 1-31 പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം

പ്രൊജക്റ്റ് നം. 0075/18-19

അടങ്കൽ 1,60,240/-

ചെലവ് 78,268/-

ബിൽ നം. 8/13-03-19/ 10200/- രൂ.
9/13-03-19/16600/-രൂ.
10/13-03-19/23256/-രൂ.
14/23-03-19/18836/-രൂ
15/23-03-19/4012/-രൂ.
17/23-03-19/5304/-രൂ.

നിർവ്വഹണം – കൃഷി ഓഫീസർ

ഈ പദ്ധതിയിൽ ആകെ 61 പേർക്കാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. ഇതിൽ 35 പേരും ഗുണഭോക്തൃലിസ്റ്റിന് പുറമേയുള്ളവരാണ്. 2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയ്ക്ക് ഗ്രാമസഭയും, പഞ്ചായത്തും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും, അതിൽ ആനുകൂല്യം ലഭ്യമാകാത്ത ഗുണഭോക്താക്കളും ഉണ്ടായിരിക്കെ, ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ആളുകൾക്ക് ആനുകൂല്യം നൽകിയ ശേഷം കൃഷി ഓഫീസർ 17-05-2019തീയതിയിൽ വിവിധ വാർഡുകളിലെ 35

പേരടങ്ങുന്ന ഒരു ലിസ്റ്റ് പഞ്ചായത്തിന് കൈമാറിയതായി കാണുന്നു. ഇവരെ ഉൾപ്പെടുത്തി ഗുണഭോതൃലിസ്റ്റ് പുനക്രമീകരിക്കണമെന്നതായിരുന്നു കത്തിലെ ഉള്ളടക്കം. ഇതനുസരിച്ച് 25-06-19 ലെ 8(1) നമ്പർ തീരുമാന പ്രകാരം ഈ ആവശ്യം ഭരണസമിതി അംഗീകരിച്ച് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 13 വാർഡുകളിലായി താമസിക്കുന്ന ഈയാളുകളെ അതാത് വാർഡിലെ ഗ്രാമസഭകൾ അംഗീകരിച്ചതായി രേഖയില്ല. ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടാത്ത ടിയാളുകൾക്ക് ആനുകൂല്യം ലഭ്യമാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/30.01.2020) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാലും, പ്രളയം മൂലം പച്ചക്കറി കൃഷി നശിച്ചത് മൂലവും സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നു. ആയതിനാൽ ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച പുതിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നൽകാൻ പഞ്ചായത്ത് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്തതെന്ന മറുപടിയിൽ പറഞ്ഞിട്ടുണ്ട്.ഗ്രാമസഭാ ലിസ്റ്റിൽ മതിയായ ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ, അർഹരായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാലാണ് ലിസ്റ്റിലുൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല.മാത്രവുമല്ല, പരിശോധനയ്ക്കായി ഓഡിറ്റിന് സമർപ്പിച്ചതും, ഗ്രാമസഭ അംഗീകരിച്ചതുമായ ലിസ്റ്റിൽ ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ അവർ അർഹരല്ലായിരുന്നു എന്നതിൽനിന്നും, അർഹരായ ഗുണഭോക്താക്കളല്ല ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്നത് എന്നത് വസ്തുതയാണ്. ലിസ്റ്റിൽ പുതുതായി ഉൾപ്പെട്ടവർ തന്നെ ആവശ്യക്കാരായിരുന്നോ എന്നതും വ്യക്തമല്ല. ലിസ്റ്റിൽ പുതുതായി ഉൾപ്പെടുത്തിയവരെ തൊട്ടടുത്ത ഗ്രാമ സഭയിൽ അംഗീകരിക്കേണ്ടതാണെങ്കിലും അപ്രകാരമുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഇവർക്ക് അനർഹമായി നൽകിയ 44905/- (1283x35)രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-32 പച്ചക്കറി കൃഷിയ്ക്ക് തൈ, വളം, ജൈവകീടനാശിനി-ക്വട്ടേഷനില്ലാതെ വാങ്ങൽ നടത്തി

പ്രൊജക്റ്റ് നം. 0077/18-19

അടങ്കൽ 2,06,215/-

ചെലവ് 2,01,568/-

ബിൽ നം.
11/13-03-19 50000/-
22/23-03-19/18500/-

നിർവ്വഹണം – കൃഷി ഓഫീസർ

2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയ്ക്ക് ഗ്രാമസഭയും, പഞ്ചായത്തും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് നിലവിലുണ്ട്. അതിൽ ഗുണഭോക്താക്കളും ഉണ്ട്. എന്നാൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ആളുകൾക്ക് ആനുകൂല്യം നൽകിയ ശേഷം കൃഷി ഓഫീസർ 17-05-2019തീയതിയിൽ വിവിധ വാർഡുകളിലെ 36 പേരടങ്ങുന്ന ഒരു ലിസ്റ്റ് പഞ്ചായത്തിന് കൈമാറിയതായി കാണുന്നു. ഇവരെ ഉൾപ്പെടുത്തി ഗുണഭോതൃലിസ്റ്റ് പുനക്രമീകരിക്കണമെന്നതായിരുന്നു കത്തിലെ ഉള്ളടക്കം. ഇതനുസരിച്ച് 25-06-19 ലെ 8(1) നമ്പർ തീരുമാന പ്രകാരം ഈ ആവശ്യം ഭരണസമിതി അംഗീകരിച്ച് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 11 വാർഡുകളിലായി താമസിക്കുന്ന ഈയാളുകളെ അതാത് വാർഡിലെ ഗ്രാമസഭകൾ അംഗീകരിച്ചതായി രേഖയില്ല. ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടാത്ത ടിയാളുകൾക്ക് ആനുകൂല്യം ലഭ്യമാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം-22 നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ ഗുണഭോക്താക്കൾ ലിസ്റ്റിൽ ഇല്ലാതിരുന്നതിനാലാണ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച പുതിയ ഗുണഭോക്തൃലിസ്റ്റിൽ പെട്ടവർക്ക് ആനുകൂല്യം നൽകിയതെന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. പുതിയ ലിസ്റ്റ് വരുന്ന ഗ്രാമസഭയിൽ വെച്ച് അംഗീകരിച്ച എത്തിച്ചു നൽകാമെന്നും അറിയിച്ചിട്ടുണ്ട്. ടി മറുപടി അംഗീകരിക്കാവുന്നതല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പരമാധികാരം ഗ്രാമസഭയ്ക്ക് മാത്രമാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയാൽ നിയമാനുസൃതം അവരെ തൊട്ടടുത്ത ഗ്രാമസഭയിൽ വെച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ആനുകൂല്യ വിതരണത്തിന് ശേഷം അത്തരം നടപടികളും സ്വീകരിച്ചിട്ടില്ല. അതുപോലെ, ഈ പദ്ധതിയ്ക്കായി വയലാർ കാർഷിക കർമ്മ സേനയിൽ നിന്നും പച്ചക്കറി

തൈകൾ വാങ്ങിയിട്ടുണ്ട്. രണ്ടു തവണയായി പയർ, വെണ്ട, തക്കാളി, മുളക് എന്നിവയുടെ 13700 തൈകൾ വാങ്ങിയിട്ടുണ്ട്. ഇതിനായി തൈ ഒന്നിന് 5 രൂപ പ്രകാരം ആകെ 68,500/- രൂപ ചെലവു ചെയ്തതായി കാണുന്നു. (13700X5 =68,500/-) എന്നാൽ ഈ വാങ്ങലിനായി ക്വട്ടേഷൻ ക്ഷണിച്ചതായോ മറ്റ് നടപടി ക്രമങ്ങൾ പാലിച്ചതായോ കാണുന്നില്ല. ഇതിലും തീരെ കുറഞ്ഞ വിലയിൽ തൈകൾ നേഴ്സറികളിൽ നിന്നും ലഭ്യമാകുമെന്നിരിക്കെ, ക്വട്ടേഷൻ നടപടി ക്രമങ്ങൾ ഒന്നും പാലിക്കാതെ, ഏകപക്ഷീയമായി വയലാർ കാർഷിക കർമ്മ സേനയിൽ നിന്നും വാങ്ങലുകൾ നടത്തിയത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം-22/30.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൃഷി ഭവന് കീഴിൽ പ്രവർത്തിക്കുന്ന കർഷക തൊഴിലാളി കൂട്ടായ്മയാണ് കാർഷിക കർമ്മ സേനയെന്നും, അതിനെ പ്രോത്സാഹിപ്പിക്കുക എന്നത് വകുപ്പിന്റെ നയമാണെന്നും, മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിനാലാണ് കർമ്മസേനയിൽ നിന്നും ഇവ വാങ്ങിയതെന്നും പറഞ്ഞിട്ടുണ്ട്. കൂടാതെ കർമ്മസേന വിതരണം ചെയ്യുന്നത് ഹൈബ്രിഡ് പച്ചക്കറി തൈകളാണെന്നും അവയ്ക്ക് വില കൂടുതലാണെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ കർമ്മസേനയിൽ നിന്നും വാങ്ങലുകൾ നടത്താമെന്ന്-അതും കൂടിയ വിലയിൽ- സർക്കാരോ, വകുപ്പോ നിഷ്കർഷിച്ചതായി രേഖകളില്ല. മാത്രമല്ല ഹൈബ്രിഡ് പച്ചക്കറി തൈകൾ തന്നെ വേണമെന്ന് കൃഷിഭവൻ ആവശ്യപ്പെട്ടിരുന്നോ എന്നതിനും വ്യക്തതയില്ല. വാങ്ങലുകളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ മറികടന്ന് ചെലവഴിച്ച 68500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്വട്ടേഷൻ ക്ഷണിക്കാതെ നടത്തിയ വാങ്ങൽ പ്രക്രിയയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-33 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് -- ജി.എസ്.ടി ഇനത്തിൽ 2% റ്റി.ഡി.എസ് ഈടാക്കിയില്ല--

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകൽ (പ്രോജക്ട് നം 02/2019) എന്ന പദ്ധതിയുടെ ഭാഗമായി വിതരണ സ്ഥാപനമായ ആൽഫാ നെറ്റ് സിസ്റ്റംസ്, ചേർത്തല ഹാജരാക്കിയ ഇൻവോയ്സിൽ (നം- ALFA/0288/ 16.11.2018) പ്രകാരമുള്ള 3,27,250 രൂപ ട്രഷറി ബിൽ നം 11/23.11.2018 പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ മൂല്യം 2.5 ലക്ഷത്തിൽ കൂടുതലാണെങ്കിൽ 2% തുക ജി.എസ്.ടി റ്റി.ഡി.എസ് ആയി ഉറവിടത്തിൽ കുറവ് ചെയ്തതിനുശേഷമാണ് സപ്ലൈയർക്ക് തുക അനുവദിക്കേണ്ടത്. ആൽഫാ നെറ്റ് സിസ്റ്റംസിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം. 24/30.01.2020) മറുപടിയിൽ പറയുന്നത്. ആൽഫാ നെറ്റ് സിസ്റ്റംസ്, ചേർത്തലയിൽ നിന്നും ജി.എസ്.ടി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 6545/- രൂപ ഈടാക്കി ചെലാൻ മുഖേന സർക്കാർ ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്. 6545/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-34 ശുചിമുറി അറ്റകുറ്റപ്പണി (സ്പിൽ ഓവർ) അപാകതകൾ

പ്രൊജക്റ്റ് നം. 119/18-19

അടങ്കൽ 14,00,000/-രൂ.

ചെലവ് 2,94,000/-രൂ.

നിർവ്വഹണം – വിഇഒ (വയലാർ)

സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഈ പദ്ധതി രൂപീകരിച്ചത് 2017-18 ൽ ആണ്. പദ്ധതി പ്രകാരം ശുചിമുറി അറ്റകുറ്റപ്പണിയ്ക്കായി ഒരു ഗുണഭോക്താവിന് 7000/- രൂപ ലഭിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഈ പദ്ധതിയ്ക്ക് ജില്ലാ കോ-ഓഡിനേഷൻ കമ്മറ്റിയും അനുമതി നിഷേധിച്ചു. തുടർന്ന് അനുമതിയ്ക്കായി സംസ്ഥാന കോ-ഓഡിനേഷൻ കമ്മറ്റിയെ സമീപിച്ചു. എന്നാൽ ഇതിനായി പഞ്ചായത്ത് ഭരണസമിതി കത്ത് നൽകിയത് 07/02/2018ൽ അതായത് പദ്ധതിയുടെ കാലാവധി തീരുവാൻ 50 ദിവസം ബാക്കിയുള്ളപ്പോൾ, (സി-8/2041/18 തീയതി 07/02/2018) വികേന്ദ്രീകരണാസൂത്രണ സംസ്ഥാനതല സമിതി കോ-ഓഡിനേഷൻ കമ്മറ്റിയുടെ 21/03/18ലെ പ്രത്യേക വിഷയ തീരുമാനം നം. 4(30) പ്രകാരം ഈ പദ്ധതിയ്ക്ക് അനുമതി നൽകി. (സ.ഉ.(സാധാ.)നം.1239/18 തസ്വഭവ തീ.02/05/18. അതായത് പദ്ധതി വർഷം ഒരാൾക്ക് പോലും ആനുകൂല്യം നൽകാൻ കഴിഞ്ഞില്ല. 2018-19 ൽ ഈ പദ്ധതി സ്പിൽഓവറാക്കി 42 പേർക്ക്

ആനുകൂല്യം നൽകി. (ചിലവ് 2,94,000/- രൂപ.) 2019-20 വീണ്ടും സ്പിൽ ഓവറാക്കി ഇന്നേ വരെ 16 പേർക്കു കൂടി ആനുകൂല്യം നൽകിയിട്ടുണ്ട്. (ചിലവ് 1,12,000/- രൂപ.) ഈ പദ്ധതി സ്പിൽ ഓവറായി നടത്താമെന്നതിനെ സംബന്ധിച്ച് ഒരു സൂചനയും ഫയലിലില്ല. പിന്നീട് ഈ അനുമതി ലഭ്യമാക്കിയതായും രേഖയില്ല. ഈ പദ്ധതിയ്ക്കായി വകയിരുത്തിയത് ധനകാര്യ കമ്മീഷൻ ഗ്രാന്റായി ലഭിച്ച ലഭിച്ച 14,00,000/- രൂപയാണ്. ഈ തുകയിൽ ഒരു രൂപ പോലും പഞ്ചായത്ത് പ്രയോജനപ്പെടുത്തിയില്ല. ഈ തുക പദ്ധതി പ്രവർത്തനങ്ങൾക്ക് ചെലവു ചെയ്യാതിരുന്നതിനാൽ നഷ്ടപ്പെടുകയും ചെയ്തു. 3 സാമ്പത്തിക വർഷം കൊണ്ട് ആകെ ചെലവഴിച്ചത് 4,06,000 രൂപ മാത്രം. ഈ പദ്ധതി സ്പിൽഓവറായി തുടരുന്നതിനിടയിൽ 2018-19ൽ വീണ്ടും ഇതേ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട് അതിനായി 5,23,800/- രൂപയും വകയിരുത്തിയതായി കാണുന്നു. എന്നാൽ ഇതിന് കോ-ഓഡിനേഷൻ കമ്മറ്റിയുടെ അംഗീകാരം ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാനായില്ല. പ്രൊജക്റ്റ് നം. 24/18-19) ഈ പദ്ധതിയുടെ ആസൂത്രണം മുതൽ നടത്തിപ്പ് വരെയുള്ള കാര്യങ്ങളിൽ സംഭവിച്ച പാളിച്ചകളിന്മേൽ വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം – 11/29.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ മറുപടിയിൽ പദ്ധതി സ്പിൽ ഓവറാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച തെളിവുകളൊന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഓഡിറ്റിൽ കണ്ടെത്തിയ മറ്റ് കാര്യങ്ങളൊക്കെ മറുപടി ശരിവയ്ക്കുന്നുണ്ട്. ഇങ്ങനെ സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത പദ്ധതികൾ പ്രത്യേക പദ്ധതികളായി അവതരിപ്പിക്കുകയും അവ യഥാസമയം പൂർത്തീയാക്കാതെ അനന്തമായി നീട്ടിക്കൊണ്ട് പോകുകയും ചെയ്യുന്നത് ശരിയായ പ്രവണതയല്ല. വിഷയം ഭരണസമിതിയുടെയും, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 വീട് മേൽക്കൂര മാറ്റൽ (ജനറൽ)

പ്രോജക്റ്റ് നം. 0029/18-19

അടങ്കൽ 1600000/-രൂ.

ചെലവ് 1375000/-രൂ.

നിർവ്വഹണം – വിഇഓ (ഒളതല)

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതിയിൽ ഒരാൾക്ക് 75,000/- രൂപ വരെ നൽകാവുന്നതാണ്. എന്നാൽ പഞ്ചായത്ത് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയിൽ ഒരാൾക്ക് 50,000/- രൂ. വീതം മാത്രമാണ് ലഭ്യമാകുക. ആകെ 32 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ 30 പേർ മാത്രമാണ് പഞ്ചായത്തുമായി കരാർ വെച്ചത്. 2018-19 വർഷം 13,75,000/- രൂപ വിതരണം ചെയ്തു. ബാക്കി വിതരണം നടത്തുവാനുള്ളത് 1.25 ലക്ഷം രൂപ മാത്രമാണ്. എന്നാൽ ഇതിലേയ്ക്കായി 2.25 ലക്ഷം രൂപ സ്പിൽ ഓവറാക്കി 2019-20ൽ പ്രൊജക്റ്റ് വെച്ചു. മുൻവർഷം നൽകുവാനുള്ള 1.25 ലക്ഷം രൂപ വിതരണം നടത്തി. ബാക്കിയുള്ള ഒരു ലക്ഷം രൂപ ഇപ്പോഴും ചെലവു ചെയ്യാതെ ബാക്കി നിൽക്കുന്നു. 283 പേർ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് നിലവിലിരിക്കെ, പദ്ധതി സ്പിൽ ഓവറാക്കിയതിൽ നിൽക്കുന്ന ഒരു ലക്ഷം രൂപ നഷ്ടപ്പെടുത്തുന്നതിന്മേൽ ഓഡിറ്റ് അന്വേഷണം-9/29.01.2020 പ്രകാരം വിശദീകരണം ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി സ്പിൽ ഓവറായി ഇപ്പോഴും തുടർന്നു വരുന്നുണ്ടെന്നും, ബാക്കി നിൽക്കുന്ന 1 ലക്ഷം രൂപയ്ക്ക് അർഹരായ 2 ഗുണഭോക്താക്കളെ കണ്ടെത്തി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിഷയം ക്ഷേമകാര്യ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-36 തൊഴിൽ രഹിത വേതന വിതരണ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ -

1) ചെക്ക് നം.2471230/20-07-2018 (കോർപ്പറേഷൻ ബാങ്ക്)/4,32,000/-രൂപ

2) വൗച്ചർ നം.21801024/ ചെക്ക് നം.51587/18-03-2019/4,36,800/- രൂപ

മേൽ രേഖപ്പെടുത്തിയിട്ടുള്ള ചെക്കുകൾ പ്രകാരം 369 ഗുണഭോക്താക്കൾക്കുള്ള ഒന്നാം ഗഡുവായി 432000/- രൂപയും, 455 ഗുണഭോക്താക്കൾക്കുള്ള രണ്ടാം ഗഡുവായി 436800/- രൂപയും പിൻവലിച്ചിട്ടുണ്ട്.ടി തുകയിൽ ഒന്നാം ഗഡു വിതരണത്തിന് ശേഷം 82200/-രൂപയും, രണ്ടാം ഗഡു വിതരണത്തിന് ശേഷം 159120/- രൂപയും തിരികെ

അടച്ചിട്ടുണ്ട്. വിതരണ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വ്യക്തിഗത വിവരണ രജിസ്റ്റർ, അക്വിറ്റൻസ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിതരണത്തിനായി പിൻവലിച്ച തുകയിൽ ഓരോദിവസവും വിതരണം നടത്തിയ തുക കൂട്ടിയെഴുതി ബാക്കി തുക എത്രയെന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി എഴുതി സൂക്ഷിക്കുന്നില്ല.
2. മിച്ചം തുക തിരികെ ഒടുക്കുന്നതിന് മുൻപ് പിൻവലിച്ച തുകയിൽ നാളിതുവരെ വിതരണം ചെയ്ത തുകയുടെ സംക്ഷിപ്തം തയ്യാറാക്കി തിരിച്ചടച്ച തുകയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ സൂക്ഷിക്കുന്നില്ല. തൻമൂലം തിരിച്ചടച്ച തുകയുടെ ആധികാരികത പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.
3. ഓരോ ഗുണഭോക്താവിന്റെയും വിവരം രേഖപ്പെടുത്തിയ ഫോറം നം. 4 ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (03/29-01-2020) ലഭിച്ചിട്ടുള്ള മറുപടിയിൽ മേൽ അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്നും ഫോറം 4 തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വേതന വിതരണം സുതാര്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 ലോഗ് ബുക്ക് എഴുതുന്നതിലെ അപാകതകൾ സംബന്ധിച്ച്-

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-32-M-4469 എന്ന നമ്പരിലുള്ള SUV വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ, വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് 30-06-2017ൽ ജി.ഒ (എം എസ്സ്)170/07-ാംനമ്പരായി പുറത്തിറക്കിയിട്ടുള്ള ഉത്തരവിലെ പല നിർദ്ദേശങ്ങളും പാലിക്കുന്നില്ലായെന്ന് പരിശോധനയിൽ കണ്ടു. ഈ ഉത്തരവ് പ്രകാരം നിർബന്ധമായും എഴുതി സൂക്ഷിക്കേണ്ടുന്ന ഫ്യൂവൽ രജിസ്റ്റർ,റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ലോഗ് ബുക്ക്, പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക്, എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും, ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്, എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ അപ്രകാരമൊരു സാക്ഷ്യപത്രം രേഖപ്പെടുത്തിക്കാണുന്നില്ല. വാഹന ചെലവുകൾക്ക് അംഗീകാരം നൽകുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ യാതൊരു നടപടികളും സ്വീകരിച്ചതായും കാണുന്നില്ല. ലോഗ് ബുക്കിൽ ഓരോ മാസാന്ത്യവും വാഹനത്തിൽ നിറച്ച ഇന്ധനത്തിന്റെയും, സഞ്ചരിച്ച ദൂരത്തിന്റെയും സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ, വാഹനത്തിൽ നിറച്ച ഇന്ധനത്തിന് ആനുപാതികമായിട്ടാണോ,വാഹനം സഞ്ചരിച്ചിട്ടുള്ളത് എന്നതും പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/29-01-2020) ലഭിച്ചിട്ടുള്ള മറുപടിയിൽ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി ലോഗ് ബുക്കിൽ രേഖപ്പെടുത്തിക്കൊള്ളാമെന്നും, ചെലവുകൾ ഭാവിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വെച്ച് അംഗീകാരം തേടിക്കൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 ജനറൽ കമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നു-

ഭരണ സമിതി യോഗങ്ങളിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നതായി മിനിറ്റ്സ് പരിശോധിച്ചതിൽ കാണുന്നു. ആയതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ജനറൽ കമ്മിറ്റിയുടെ 26-04-2018ലെ 2-ാം നമ്പർ അജണ്ടക്കുള്ള 1-ാംനമ്പർ തീരുമാനം-

വയലാർ ഗ്രാമ പഞ്ചായത്തിന്റെ മേൽ തീരുമാനം പ്രകാരം വയലാർ ഗ്രാമ പഞ്ചായത്തിന്റെ ചേർത്തല ശാഖയിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്ക് പലിശ ക്രെഡിറ്റ് ചെയ്യുന്നില്ലെന്നുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 50 ലക്ഷം രൂപ 3 മാസ കാലയളവിലേക്ക് സ്ഥിരം നിക്ഷേപം ചെയ്യുവാനും, ആവശ്യമെങ്കിൽ ടി കാലയളവിന് ശേഷം ആയത് പുതുക്കി നൽകുന്നതിനും വേണ്ട നടപടി

സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. എന്നാൽ നാളിതുവരെയും തുക സ്ഥിര നിക്ഷേപമാക്കിയിട്ടില്ല.

2. ജനറൽ കമ്മിറ്റിയുടെ 13-06-2018ലെ 13-ാം നമ്പർ അജണ്ടക്കുള്ള 1-ാം നമ്പർ തീരുമാനം-

വയലാർ ഒളതല പ്രാഥമികാരോഗ്യ കേന്ദ്രം സബ്സെന്ററിലെ ഉപയോഗിക്കാതെ ഒഴിഞ്ഞു കിടക്കുന്ന രണ്ട് മുറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുകയാണെങ്കിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വയലാർ സർക്കാർ ഹോമിയോ ഡിസ്പെൻസറി താൽക്കാലികമായി അവിടേയ്ക്ക് മാറ്റി സ്ഥാപിക്കാം എന്ന് കാണിക്കുന്ന ഹോമിയോപ്പതി ഡയറക്ടറുടെ 7/05/2018 ലെ 89/പി2/2018/ഡിഎച്ച് നമ്പർ കത്ത് കമ്മിറ്റി പരിശോധിച്ചു.വിശദമായ ചർച്ചകൾക്കു ശേഷം ടി കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എൽഎസ്ജിഡി അസിസ്റ്റന്റ് എൻജിനീയറോട് നിർദ്ദേശിച്ചു തീരുമാനിച്ചു. എന്നാൽ ഹോമിയോ ആസ്പത്രി ഇപ്പോഴും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

യഥാസമയം തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. കമ്മിറ്റി തീരുമാനങ്ങൾ കാലികമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 ലാന്റ് റിലിങ്കിഷ്മെന്റ് ചെയ്തുകൊണ്ടുള്ള സമ്മത പത്രത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കാത്തത് -

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം 16-ാം വാർഡിൽ നടപ്പിലാക്കിയ ആളാശ്ശേരി - കൈതവേലി റോഡ് നിർമ്മാണം എന്ന മരാമത്ത് പ്രവർത്തിയുടെ നിർവ്വഹണ രേഖകൾ പ്രകാരം 108 മീറ്റർ നീളത്തിൽ റോഡു നിർമ്മിച്ചിട്ടുണ്ട്. ടി റോഡ് നിർമ്മാണത്തിനായി ശ്രീമതി.സരസമ്മ, പനച്ചിക്കൽതറയിൽ, പട്ടണക്കാട്.പി.ഒ, ചേർത്തല എന്ന വ്യക്തി 19-06-2017 ൽ വയലാർ കിഴക്ക് വില്ലേജിൽ സർവ്വെ നമ്പർ 180/26എ യിൽപ്പെട്ട സ്ഥലത്തിൽ നിന്നും 25 മീറ്റർ നീളത്തിലും, 4 മീറ്റർ വീതിയിലും ഭൂമി വിട്ടുകൊടുത്തുകൊണ്ട് സമ്മതപത്രം നൽകിയത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ടി സമ്മതപത്രത്തിന്മേൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുകൊടുത്തുകൊണ്ടുള്ള നടപടി അംഗീകരിച്ച് ഉത്തരവ് വാങ്ങിയതായി കാണുന്നില്ല. റവന്യൂ അധികാരികളുടെ ഉത്തരവിലൂടെ മാത്രമെ നിയമപരമായി ഉടമസ്ഥാവകാശം ടി വ്യക്തിയിൽ നിന്നും പഞ്ചായത്തിന് ലഭിക്കുകയുള്ളൂ. ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/30-01-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വസ്തുവിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്-

**മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.**

1. 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ 49 പ്രൊജക്ടുകളായിരുന്നു അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. അംഗീകരിച്ച പ്രൊജക്ടുകളിൽ 21 എണ്ണം മാത്രമാണ് തൻ വർഷം നടപ്പാക്കിയിട്ടുള്ളത് (43% മാത്രം). ടി മേഖലയിൽ 50%ലേറെ തുക ചെലവഴിക്കപ്പെട്ടില്ല.
2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3. പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

4. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളിൽ മത്സരം ഉറപ്പാക്കുന്നില്ല.2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരിഭാഗം പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയതൊഴികെയുള്ള ഭൂരിഭാഗം ടെണ്ടറുകളിലും രണ്ട് പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിലും നാമമാത്രമായ തുക അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കപ്പെടുന്നു. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും മറ്റേത് കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്നതു പോലും സ്ഥിരം പങ്കെടുക്കുന്ന കരാറുകാർ മാത്രമാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര്/വാർഡ് നം. | കരാറുകാരൻ | ക്വോട്ട് ചെയ്ത തുക | പരാമർശം |
|---|---|---|---|
| കാട്ടികോലോത്ത്-പൂതംവേലി റോഡ് മെറ്റലിംഗ് &ടാറിംഗ്, വാർഡ്- 7 | ഉണ്ണികൃഷ്ണൻ.സി.സി. | 424746.41 | |
| | നാരായണൻ. | 424799.96 | |
| പായിക്കാട്ട് പിണ്ഡിനി മുറ്റം റോഡ് മെറ്റലിംഗ് &ടാറിംഗ്, വാർഡ്- 12. | ഉണ്ണികൃഷ്ണൻ.സി.സി. | 129941.75 | |
| | നാരായണൻ. | 129958.63 | |
| ഉഴവപ്പള്ളി-പുല്ലൻചിറ റോഡ് മെയിന്റനൻസ്. വാർഡ്- 9 | ഉണ്ണികൃഷ്ണൻ.സി.സി. | 399931.26 | |
| | നാരായണൻ. | 399993.81 | |
| മണ്ഡപം - ജോയ്ഭവൻപുതുവൽ നികർത്ത് റോഡ് മെയിന്റനൻസ്, വാർഡ്- 8 | ഉണ്ണികൃഷ്ണൻ.സി.സി. | 299954.5 | |
| | നാരായണൻ. | 299974.75 | |

ഈ സാഹചര്യം മൽസരാധിഷ്ഠിത ക്വട്ടേഷൻ ലഭ്യമല്ലാത്ത സ്ഥിതിവിശേഷം സംജാതമാക്കുകയും, ഗ്രാമ പഞ്ചായത്തിന് പദ്ധതി നിർവ്വഹണത്തിൽ അധിക ചെലവിന് കാരണമാകുകയും ചെയ്യുന്നു.

5. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റിലും പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

6. ചില പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ,സെലക്ഷൻ നോട്ടീസിൽ നമ്പരും, അയയ്ക്കുന്ന തീയതിയും രേഖപ്പെടുത്തുന്നില്ല എന്ന് കണ്ടു.കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളവയിൽ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തുന്നില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

7. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

8. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്ററിലെ പല കോളങ്ങളും പൂർത്തീകരിച്ചിട്ടില്ല. അവസാനിക്കുന്ന സ്ഥലം, ചെയിനേജ് വിവരങ്ങൾ തുടങ്ങിയവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

9. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്റ്റിവിറ്റി

മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കിയിട്ടില്ല.

മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/ 27-01-2020) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടറിംഗും, റീ-ടെണ്ടറിംഗും നടത്തിയിട്ടും പ്രവർത്തി ഏറ്റെടുക്കുവാൻ ആരും തന്നെ വരാത്ത സാഹചര്യത്തിൽ, കമ്മിറ്റിയുടെ അനുവാദത്തോടെയാണ് ക്വട്ടേഷൻ നൽകി പ്രവർത്തി പൂർത്തീകരിച്ചതെന്നും, റോഡ് നിർമ്മാണത്തിന് തെരഞ്ഞെടുത്ത പല സ്ഥലങ്ങളും wet land conservation act ന്റെ പരിധിയിൽ വരുന്നതിനാൽ കൺസന്റ് കിട്ടാൻ പല പദ്ധതികളും തൻവർഷം പൂർത്തീകരിക്കാനാവാതെ വന്നതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതും, ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും യഥാസമയം ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കന്നുകുട്ടി പരിപാലനം ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്കും ആനുകൂല്യം

പ്രൊജക്റ്റ് നം. 039/18-19

അടങ്കൽ 11.00,000/-

ചെലവ് 2,75,000/-

ബിൽ നം. 1/18-19/23-11-18, 2,74,000/-രൂപ

നിർവ്വഹണം വെറ്ററിനറി സർജൻ

2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽപ്പെടുത്തി ആനുകൂല്യം കൈപ്പറ്റിയ 14-ാം വാർഡിലെ താമസക്കാരായ ശ്രീമതി. ശകുന്തള, മോനിഷാലയം, ശ്രീമതി. ബിന്ദു, അഭിജിത് ഭവനം, ശ്രീമതി. ഗീതാ സത്യൻ, ചെത്തികാട് എന്നീ ഗുണഭോക്തക്കൾ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമ സഭാ ലിസ്റ്റിൽ ഉൾപ്പെടാത്ത ടിയാളുകൾ എങ്ങനെ ആനുകൂല്യത്തിനർഹരായി എന്നതിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ വേളയിൽ ഗുണഭോക്തൃലിസ്റ്റിൽ 14-ാം വാർഡിൽ അപേക്ഷകർ ആരും ഇല്ലാതിരുന്നതിനാലാണ് ടി വാർഡിലെ ക്ഷീരകർഷകരെ കൂടി ഉൾപ്പെടുത്തി പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച പുതിയ ലിസ്റ്റ് നൽകിയതെന്നും ആ ലിസ്റ്റിൽ നിന്നും മുകളിൽ പറഞ്ഞിട്ടുള്ള 3 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം നൽകിയത് ഗ്രാമസഭ അംഗീകരിക്കാത്ത 3 ഗുണഭോക്താക്കൾക്കാണ്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയാൽ തൊട്ടടുത്തതായി കൂടുന്ന ഗ്രാമസഭയിൽ ഇവരുടെ പേര് അംഗീകരിച്ച് സാധൂകരണം വാങ്ങേണ്ടതാണ്. എന്നാൽ ഓഡിറ്റ് തീയതി വരെ ഗ്രാമസഭ ഇവരുടെ പേര് അംഗീകരിച്ചതായി രേഖകളിൽ കാണുന്നില്ല. ആയതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് നൽകിയ വികസന ഫണ്ടിൽ നിന്നും നൽകിയ 18750/-രൂപ (6250x3)നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിഷയം വികസനകാര്യ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 3-2 പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം

പ്രൊജക്റ്റ് നം. 0075/18-19

അടങ്കൽ 1,60,240/-

ചെലവ് 78,268/-

ബിൽ നം. 8/13-03-19/ 10200/- രൂ.
9/13-03-19/16600/-രൂ.
10/13-03-19/23256/-രൂ.
14/23-03-19/18836/-രൂ
15/23-03-19/4012/-രൂ.
17/23-03-19/5304/-രൂ.

നിർവ്വഹണം – കൃഷി ഓഫീസർ.

ഈ പദ്ധതിയിൽ ആകെ 61 പേർക്കാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. ഇതിൽ 35 പേരും ഗുണഭോക്തൃലിസ്റ്റിന് പുറമേയുള്ളവരാണ്. 2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയ്ക്ക് ഗ്രാമസഭയും, പഞ്ചായത്തും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും, അതിൽ ആനുകൂല്യം ലഭ്യമാകാത്ത ഗുണഭോക്താക്കളും ഉണ്ടായിരിക്കെ, ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ആളുകൾക്ക് ആനുകൂല്യം നൽകിയ ശേഷം കൃഷി ഓഫീസർ 17-05-2019 തീയതിയിൽ വിവിധ വാർഡുകളിലെ 35 പേരടങ്ങുന്ന ഒരു ലിസ്റ്റ് പഞ്ചായത്തിന് കൈമാറിയതായി കാണുന്നു. ഇവരെ ഉൾപ്പെടുത്തി ഗുണഭോതൃലിസ്റ്റ് പുനക്രമീകരിക്കണമെന്നതായിരുന്നു കത്തിലെ ഉള്ളടക്കം. ഇതനുസരിച്ച് 25-06-19 ലെ 8(1) നമ്പർ തീരുമാന പ്രകാരം ഈ ആവശ്യം ഭരണസമിതി അംഗീകരിച്ച് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 13 വാർഡുകളിലായി താമസിക്കുന്ന ഈയാളുകളെ അതാത് വാർഡിലെ ഗ്രാമസഭകൾ അംഗീകരിച്ചതായി രേഖയില്ല. ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടാത്ത ടിയാളുകൾക്ക് ആനുകൂല്യം ലഭ്യമാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാലും, പ്രളയം മൂലം പച്ചക്കറി കൃഷി നശിച്ചത് മൂലവും സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നു. ആയതിനാൽ ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച പുതിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നൽകാൻ പഞ്ചായത്ത് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്തതെന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ട്.ഗ്രാമസഭാ ലിസ്റ്റിൽ മതിയായ ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ, അർഹരായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാലാണ് ലിസ്റ്റിലുൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല.മാത്രവുമല്ല, പരിശോധനയ്ക്കായി ഓഡിറ്റിന് സമർപ്പിച്ചതും, ഗ്രാമസഭ അംഗീകരിച്ചതുമായ ലിസ്റ്റിൽ ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ അവർ അർഹരല്ലായിരുന്നു എന്നതിൽനിന്നും, അർഹരായ ഗുണഭോക്താക്കളല്ല ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്നത് എന്നത് വസ്തുതയാണ്. ലിസ്റ്റിൽ പുതുതായി ഉൾപ്പെട്ടവർ തന്നെ ആവശ്യക്കാരായിരുന്നോ എന്നതും വ്യക്തമല്ല. ലിസ്റ്റിൽ പുതുതായി ഉൾപ്പെടുത്തിയവരെ തൊട്ടടുത്ത ഗ്രാമ സഭയിൽ അംഗീകരിക്കേണ്ടതാണെങ്കിലും അപ്രകാരമുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഇവർക്ക് അനർഹമായി നൽകിയ 44905/- (1283x35)രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-2019 | 2203114 | ലൈഫ് (ജനറൽ) | 2180000 | 23114 |
| | 2018-2019 | 1124060 | ലൈഫ് എസ്സ്സി | 630000 | 494060 |
| | 2018-2019 | 237500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 234625 | 2875 |
| | 2018-2019 | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 2294968 | ലൈഫ് (ജനറൽ) | 2290486 | 4482 |
| | 2018-2019 | 2824334 | ലൈഫ് (എസ്സ്സി) | 2490000 | 334334 |

| | | | | | |
|---|---|---|---|---|---|
| | 2018-2019 | 12750 | നെൽകൃഷിയ്ക്ക് വിത്തും, കൂലിയും | 12750 | 0 |
| | 2018-2019 | 190000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 151125 | 38875 |
| | 2018-2019 | 148785 | കിടാത്തും പാടം ടിഎംസി റോഡ് മെറ്റലിംഗ് ടാറിംഗ് | 148785 | 0 |
| | 2018-2019 | 127309 | മംഗനുവേലശേരി കോളനി റോഡ് മെറ്റലിംഗ് ടാറിംഗ് | 127309 | 0 |
| | 2018-2019 | 30000 | അഗതി രഹിത കേരളം | 30000 | 0 |
| | 2018-2019 | 500000 | പാലിന് സബ്സിഡി | 500000 | 0 |

**4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./തീയതി | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്സ്ഇബി | മുണ്ടംവേലി ചക്കംവെളി റോഡ്സ്ട്രീറ്റ് ലൈൻ നീട്ടൽ | 21801288 | 188422/- | 0 | 188422/- |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഇല്ല

**4-5 വായ്പ/ വായ്പ തിരിച്ചടവ്**

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | കുറിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ (ലൈഫ് മിഷൻ ഭവന പദ്ധതിയ്ക്കായി) | ജി.ഒ (എം.എസ്സ്)68/18 /എൽ.എസ്സ്.ജി.ഡി, തീയതി - 18-05-2018 | 35509514 | | 0 | 0 | 35509514 |

**4-6 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-7. ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 15000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം., ഖണ്ഡിക | ഈടാക്കിയ തുക. | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും. | രസീത് നം./തീയതി. |
|---|---|---|---|
| 2008-09<br>ഖ. 3-12 | 15000/- | എസ്സ്. അനിത എച്ച്.എം (Rtd.) | 118030102257/02-11-2018 |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ)സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 104855299/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94880595/- |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം | 63655/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 360847/- |

**(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 18750.00 | ഡോ.ഹേമ ട്രീസ മാത്യു., വെറ്ററിനറി സർജൻ. |
| 3-2 | | 44905.00 | ശ്രീമതി.കൃഷ്ണപ്രിയ, കൃഷി ഓഫീസർ |
| ആകെ | | 63655/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20(2) | 1000/- | ശ്രീമതി.ലത.എ.മേനോൻ, സെക്രട്ടറി. |
| 1-21 | 188422/- | ശ്രീമതി.ലത.എ.മേനോൻ, സെക്രട്ടറി. |
| 1-25 | 136/- | ശ്രീമതി.ലത.എ.മേനോൻ, സെക്രട്ടറി. |
| 1-27 | 40000/- | ശ്രീ.ജോസഫ്.ടി.വി.,വിഇഒ,വയലാർ. |
| 1-30 | 55019/- | ഡോ.പ്രസ്സിമോൾ, മെഡിക്കൽ ഓഫീസർ, പിഎച്ച്സി,വയലാർ. |
| 1-32 | 68500/- | ശ്രീമതി.കൃഷ്ണപ്രിയ, കൃഷി ഓഫീസർ. |
| 1-33 | 6545/- | ശ്രീ.പി.രാധാകൃഷ്ണകുറുപ്പ്, അസിസ്റ്റന്റ് സെക്രട്ടറി. |
| ആകെ | 360847/- | |

**(സി) കേന്ദ്ര-സംസ്ഥാനസർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക 1-18 – 39195/-രൂപ – Loss to Central Fund. – ശ്രീമതി.ലത.എ.മേനോൻ, സെക്രട്ടറി.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ലത.എ.മേനോൻ,<br>സെക്രട്ടറി. | സെക്രട്ടറി,<br>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്. | ലതനിവാസ്,<br>പട്ടണക്കാട്.പി.ഒ,<br>ചേർത്തല, ആലപ്പുഴ. |
| ഡോ.ഹേമ ട്രീസ മാത്യു.,<br>വെറ്ററിനറി സർജൻ. | വെറ്ററിനറി സർജൻ,<br>വയലാർ ഗ്രാമ പഞ്ചായത്ത്. | വാര്യത്ത് മഠം, സിഎംസി-12,<br>മരുത്തോർവട്ടം.പി.ഒ,<br>ചേർത്തല. |
| ശ്രീമതി.കൃഷ്ണപ്രിയ,<br>കൃഷി ഓഫീസർ | കൃഷി ഭവൻ,<br>വയലാർ ഗ്രാമ പഞ്ചായത്ത്. | സാകേതം,കോയിക്കൽ<br>ലൈൻ, കണ്ണമ്മൂല,<br>മെഡിക്കൽ കോളേജ്.പി.ഒ, |

| | | |
|---|---|---|
| | | തിരുവനന്തപുരം. |
| ജോസഫ്.ടി.വി.,<br>വിഇഒ,വയലാർ. | വിഇഒ ഓഫീസ്,<br>വയലാർ ഗ്രാമ പഞ്ചായത്ത്. | തയ്യിൽ വീട്,<br>അർത്തുങ്കൽ പി.ഒ, ചേർത്തല. |
| ഡോ.പ്രസ്സിമോൾ,<br>മെഡിക്കൽ ഓഫീസർ,<br>പിഎച്ച്സി, വയലാർ. | മെഡിക്കൽ ഓഫീസർ,<br>പിഎച്ച്സി, വയലാർ. | പുന്നയ്ക്കൽ പറമ്പിൽ,<br>തൈക്കൽ.പി.ഒ, ചേർത്തല. |
| ശ്രീ.പി.രാധാകൃഷ്ണകുറുപ്പ്,<br>അസിസ്റ്റന്റ് സെക്രട്ടറി. | അസിസ്റ്റന്റ് സെക്രട്ടറി,<br>വയലാർ ഗ്രാമ പഞ്ചായത്ത്. | ചന്ദ്രം പറമ്പിൽ,<br>കണിച്ചുകുളങ്ങര.പി.ഒ,<br>ചേർത്തല. |

**4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01<br>2001-02<br>2002-03 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2003-04<br>2004-05<br>2005-06 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എ.പി.4-605/2011/28.11.11/3.12.11 |
| 2008-09 | എൽ.എഫ്.എ.പി.4-606/2011/30.11.11/3.12.11 |
| 2009-10 | എൽ.എഫ്.എ.പി.8-503/2012/17.07.12/10.08.12 |
| 2010-11,<br>2011-12 | എൽ.എഫ്.എ.പി.8-112/2013/8.04.13/25.06.13 |
| 2012-13 | എൽ.എഫ്.എ.പി.8-996/2014/26.06.14/08.12.14 |
| 2013-14 | എൽ.എഫ്.എ.പി.ഇസഡ്-പി8-1071/2015/04.09.15/5.10.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി.2-774/2016/11.07.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി2-1460/16/14.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി2-1173/2017/18.09.2017 |
| 2017-18 | നം.കെ.എസ്.എ/എ.എൽ.പി/പി2-1620/2018/12-12-18 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-

വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വയലാർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**അനുബന്ധം-2**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ